# 'അനാക്കിമുക'ളെ തോല്പിച്ച'സക്കായി'കൾ

ഏലിയ സ്ലീവാ മൂശക്കാലം അഞ്ചാംഞായർ, മത്താ 17:14–21

ഫാ. ആന്റണി ഞള്ളമ്പുഴ CMI

1 **'അനാക്കിമൂക'ളും 'സക്കായി'കളും**

''ഇസ്രായേലേ, കേട്ടാലും: നിങ്ങൾ ഇന്നു ജോർദ്ദാൻ കടന്ന് നിങ്ങളെക്കാൾ വലുതും ഇന്നു ശക്തവുമായ ജനതകളെയും ആകാശത്തോളം ഉയർന്ന കോട്ടകളാൽ വലയം ചെയ്യപ്പെട്ട വിശാലമായ പട്ടണങ്ങളെയും കൈവശപ്പെടുത്താൻ പോവുകയാണ്. ഉയരമേറിയവരും വലിയവരുമായ ആ ജനതകൾ നിങ്ങൾ അറിയുന്ന അനാക്കിമുകളാണ്'' (നിയ. 9: 1–2). ദൈവജനമായ ഇസ്രായേൽക്കാർ കേൾക്കേണ്ടതായ ഒരു 'വൻകാര്യ' വും ഓർക്കേണ്ടതായ ഒരു 'വിജയരഹസ്യ'വും വെളിപ്പെടുത്തുകയാണ് നിയമാവർത്തനപുസ്തകം ഒമ്പതാം അദ്ധ്യായം. ഉയരവും വലിപ്പവും കുറഞ്ഞ ഇസ്രായേൽക്കാർ ഉയരവും വലിപ്പവുമുള്ള 'അനാക്കിമുക'ളെ (ANAKIMS) പരാജയപ്പെടുത്താൻ പോകുന്നു എന്നതാണ് കേൾക്കേണ്ടതായ 'വൻകാര്യം'. ഉയരവും വലിപ്പവും പോരാട്ടവീര്യവുമുള്ള മല്ലനായ ഗോലിയാത്തിനു മുൻപിൽ നിന്ന മെല്ലിച്ച പയ്യനായ ദാവീദിന്റെ കുറവുകളും ഇതോടൊപ്പം ചേർത്തു ധ്യാനിക്കുന്നതു നന്ന്. പൊക്കക്കുറവുണ്ടായിരുന്ന സക്കേവൂസിന്റെ കുറവു നികത്തി 'എഴുന്നേറ്റ്' നില്ക്കുവാൻ അവനെ പ്രാപ്തനാക്കിയ യേശുസാന്നിദ്ധ്യവും ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതുണ്ട്. ചെറിയ മനുഷ്യരുടെ വലിയ കഥകൾ! ചെറിയ മനുഷ്യരുടെ വലിയ വിശ്വാസപ്പോരാട്ടങ്ങൾ! 'അനാക്കിമുക'ളെ തോല്പിച്ച 'സക്കായി'കൾ! വിശ്വാസം വലുതാക്കി 'വലുതിനെ' തോല്പിച്ച 'ചെറുതുകൾ!' വെറും 'സീറോ'കളായ ഇവർ 'ഹീറോ'കളായത് ദൈവത്തോടൊപ്പം അവന്റെ ശക്തിയിൽ ശരണം വച്ചായിരുന്നു. മറക്കാതിരിക്കാം. ദൈവത്തോടൊപ്പം ഞാനൊരു ഹീറോ. ദൈവമില്ലെങ്കിൽ വെറുമൊരു സീറോ! 'ദഹിപ്പിക്കുന്ന അഗ്നി' 'ദഹിപ്പിക്കുന്ന അഗ്നി'യായി മുൻപിൽ പോകുന്ന കർത്താവാണ് ചെറിയവരുടെ വലിയ വിജയരഹസ്യമെന്ന് 'ഇസ്രായേലേ, കേട്ടാലും' എന്നു പറഞ്ഞുകൊണ്ട് നിയമാവർത്തനം നമുക്കും ബോദ്ധ്യം തരുന്നു. വിജയത്തിൽ മതിമറന്ന്, സ്വന്തം നിലമറന്ന് സ്വന്തം കൈക്കരുത്തിലാണു വിജയം വെട്ടിപ്പിടിച്ചതെന്നു ഹൃദയത്തിൽ വീമ്പടിക്കരുതെന്ന് 'ഇസ്രായേലേ, കേട്ടാലും' എന്നു പറഞ്ഞു തിരുവചനം താക്കീതു തരുന്നു. എല്ലാം സ്വന്തം അദ്ധ്വാനത്തിന്റെ ഫലം മാത്രമാണെന്ന് ഒരുവൻ

ചിന്തിക്കുന്നതിനെ 'ബാബേൽ സിൻഡ്രോം' എന്ന് ഫ്രാൻസീസ് പാപ്പാ വിളിക്കുന്നു. ഈ മനോഭാവം ഒട്ടുംതന്നെ ആരോഗ്യകരമല്ല. ഇസ്രായേൽക്കാരുടെ ഉള്ളിന്റെ നന്മയല്ല മറിച്ച് 'ദൈവനീതി'യുടെ ഉദാരതയാണ് അവർക്ക് 'നല്ല ദേശം' ലഭ്യമാക്കിയത്. വാഗ്ദാനങ്ങളിൽ വിശ്വസ്തനായവന്റെ നീതിയും ഉദാരതയും വാത്സല്യവും കരുതലും 'ഇസ്രായേലേ, കേട്ടാലും' എന്നു പറഞ്ഞ് നിയമാവർത്തനപ്പുസ്തകം ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നു. യഹൂദരുടെ 'തൽമൂദി'ൽ നിന്നും: ലോകം നിലനിൽക്കുന്നത് ധർമ്മബോധമുള്ള മുപ്പത്തിയാറു മനുഷ്യരുടെ സാന്നിദ്ധ്യത്തിലാണ്. എന്നിരുന്നാലും, അവരിലാരെങ്കിലും താൻ നീതിമാനാണെന്നു വിശ്വസിച്ചാൽ, അവർ അങ്ങനെ ആയിരിക്കുകയുമില്ല!

**II. വിജയംനൽകുന്നകർത്താവ്** '' മേഘത്തിന്റെ തണൽ വെയിൽ മറയ്ക്കുന്നതുപോലെ ക്രൂരന്മാരുടെ വിജയഗാനം അങ്ങ് ഇല്ലാതാക്കുന്നു.'' (ഏശ. 25:5).വിനയമുള്ളവർക്കു വിജയം നൽകുന്ന കർത്താവിനുള്ള സ്തോത്രഗീതമാണ് ഏശയ്യാ ഇരുപത്തഞ്ചാം അദ്ധ്യായം. കർത്താവ് പാവപ്പെട്ടവർക്കു 'കോട്ട'യും ഉറപ്പുള്ള 'അഭയ'വും കൊടുങ്കാറ്റിൽ 'ശക്തിദുർഗ'വും കൊടും വെയിലിൽ 'തണലു' മാണെന്നു പറയുന്നു പ്രവാചകൻ (25:4). ഒപ്പം 'മൂടുപടം' എടുത്തുമാറ്റിയ (25:7) ദൈവത്തിന്റെ മനോഹരമായ മുഖത്തിന്റെ ത്രിമാനശോഭകൂടി പ്രവാചകൻ കാട്ടിത്തരുന്നു. അവ ഇവയാണ്: 1. വൻകാര്യങ്ങൾ ചെയ്യുന്ന ദൈവം(ഏശ. 25:2) 2. കണ്ണീർ തുടച്ചുമാറ്റുന്ന ദൈവം (ഏശ.25:8) 3. അവമാനം എടുത്തുകളയുന്ന ദൈവം (ഏശ. 25:8)

**III. വിലപ്പെട്ടവിജ്ഞാനം**

''നിങ്ങൾ കർത്താവിൽ സന്തോഷിക്കുവിൻ'' (ഫിലി. 3:1). കർത്താവു തരുന്ന വിജയമാണ് യഥാർത്ഥ വിജയം. കർത്താവു തരുന്ന സന്തോഷമാണ് യഥാർത്ഥസന്തോഷം. അതുപോലെതന്നെ യഥാർത്ഥ പരിച്ഛേദിതരുടെ ത്രിമാനഗുണങ്ങളും പൗലോസ്ശ്ലീഹാ പറഞ്ഞുതരുന്നു. അവ ഇവയാണ്: 1.ദൈവത്തെ ആത്മാവിൽ ആരാധിക്കുന്നവർ 2. യേശുക്രിസ്തുവിൽ അഭിമാനം കൊള്ളുന്നവർ. 3.ജഡത്തിൽ ശരണം വയ്ക്കാത്തവർ. ജീവിതത്തിലെ 'ലാഭ''നഷ്ട'ങ്ങൾ തന്റെ ജീവിതത്തിലെ ലാഭനഷ്ടങ്ങളെപ്പറ്റിയും ലേഖനത്തിൽ പൗലോസ് അക്കമിട്ടു വിവരിക്കുന്നു. പൗലോസ്ശ്ലീഹാ 'ലാഭ' മായി കരുതിയിരുന്നവയുടെ നീണ്ട ലിസ്റ്റ് കാണുക: 1.എട്ടാംദിവസം പരിച്ഛേദനം ചെയ്യപ്പെട്ടവൻ 2. ഇസ്രായേൽ ഗോത്രത്തിലും ബഞ്ചമിൻ ഗോത്രത്തിലും പിറന്നവൻ 3.ഹെബ്രായരിൽനിന്നുജനിച്ചഹെബ്രായൻ 4. നിയമപ്രകാരം ഫരിസേയൻ 5. തീക്ഷ്ണതകൊണ്ടു സഭയെപീഡിപ്പിച്ചവൻ 6. നിയമത്തിന്റെ മുമ്പിൽ കുറ്റമില്ലാത്തവൻ.

വിലപ്പെട്ടതും വിലകെട്ടതും ''എന്റെ കർത്താവായ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെ

പ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്'' (ഫിലി. 3:8). പൗലോസ്ശ്ലീഹായുടെ ജീവിതത്തിൽ 'ലാഭം' 'നഷ്ട'മായ നിമിഷം വിലപ്പെട്ടവനെ (യേശു) അറിഞ്ഞ നിമിഷമാണ്. വിലപ്പെട്ടതായി കരുതിയവ വില കെട്ടതായി പൗലോസ് അറിഞ്ഞ് യേശുവിനെ അറിഞ്ഞ നിമിഷമാണ്. അറിയേണ്ട അറിവ് (യേശുവിനെപ്പറ്റിയുള്ള അറിവ്) ഒരുവന്റെ ജീവിതത്തിന് അർത്ഥം നൽകുന്നു. എന്നാൽ അറിവുണ്ടെന്നു ഭാവിക്കുന്നവൻ അറിയേണ്ടത് അറിയുന്നില്ല.''(1കോറി.8:2).

**IV.മലകയറണം,** മല ഇറങ്ങണം,സൗഖ്യമേകണം

''യേശു... പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്കു പോയി.'' (മത്താ. 17:1) മത്തായിയുടെ സുവിശേഷം പതിനേഴാം അദ്ധ്യായത്തിലെ അപസ്മാരരോഗിയുടെ സൗഖ്യകഥയ്ക്കു പൂർണ്ണത കിട്ടാൻ പതിനേഴാം അദ്ധ്യായത്തിന്റെ ആരംഭം വായിച്ചറിയുക ആവശ്യമാണ്. തുടക്കം ത്രിമൂർത്തികൾക്കൊപ്പമുള്ള യേശുവിന്റെ മലകയറ്റമാണ്. മലമുകളിലെത്തുമ്പോൾ ഈ ത്രിമൂർത്തികൾക്കു മറ്റൊരു ത്രിമൂർത്തിദർശനത്തിനുള്ള അവസരവും അതുവഴി സായുജ്യവും കൈവരുന്നു: മോശയും യേശുവും ഏലിയായും. ഇത് മൂന്നു കൂടാരങ്ങളുടെ നിർമ്മിതിക്ക് അവരെ പ്രേരിപ്പിക്കുന്നു. മോശയും ഏലിയായും പഴയനിയമത്തിലെ നിയമത്തെയും പ്രവാചകന്മാരെയും പ്രതിനിധാനം ചെയ്യുന്നു. ഇവയുടെ പരിപൂർത്തി നാം കാണുന്നത് യേശുവിലാണ്.

'ഇസ്രായേലേ, കേട്ടാലും' എന്ന പഴയനിയമ ആഹ്വാനത്തോടു ചേർത്തു കേൾക്കേണ്ട ഒരു ആഹ്വാനത്തിന്റെ സ്വരം അവർ താബോറിൽ കേട്ടു: ''ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ'' (17:5). ഇതോടൊപ്പം ചേർത്തു വായിക്കേണ്ട രണ്ടു വചനഭാഗങ്ങൾ കൂടി താഴെ ചേർക്കുന്നു. 'സർവജനതകളെയും മറച്ചിരിക്കുന്ന ആവരണം - ജനതകളുടെമേൽ വിരിച്ചിരിക്കുന്ന മൂടുപടം - ഈ പർവതത്തിൽവച്ച് അവിടന്നു നീക്കിക്കളയും.''(ഏശ.25:7)''അവൻ (യേശു) അവരെ കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്കു പോയി. അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി'' (മത്താ. 17:2). 'മൂടുപടം' മാറ്റിയപ്പോൾ കാണപ്പെട്ട യേശുവിന്റെ ത്രിമാനഭംഗി മത്തായിശ്ലീഹാ ചിത്രീകരിക്കുന്ന രീതിയാണിത്.

**മലയിറക്കം**

തുടർന്നുകാണുക അവരുടെ മലയിറക്കമാണ്. മലയിറങ്ങി താഴ്‌വരയിൽ വന്നപ്പോൾ, തന്റെ ജീവിതത്തിലെ മലപോലൊരു പ്രശ്നവുമായി അപസ്മാരരോഗിയായ ഒരു കുട്ടിയുടെ പിതാവ്

കടന്നുവരുന്നു. താഴ്‌വരയിലെ പല പ്രശ്നങ്ങളിൽ ഒന്ന്. ആ പിതാവിന്റെ യാചന ഒരു പ്രാർത്ഥനയായി. ''കർത്താവേ, എന്റെ പുത്രനിൽ കനിയണമേ.'' തുടർന്ന് ഒരു പരാതിയും ബോധിപ്പിച്ചു: ''നിന്റെ ശിഷ്യന്മാരുടെ അടുത്തുകൊണ്ടുവന്നു. പക്ഷേ, അവനെ സുഖപ്പെടുത്താൻ അവർക്കുകഴിഞ്ഞില്ല.'' ശിഷ്യത്വത്തിലെ ഈ 'പക്ഷേ' യേശുവിന് അത്ര ഇഷ്ടമായില്ല. അനിഷ്ടം ശകാരമായി, ശിഷ്യരുടെ നേർക്ക്. പൈശാചികതയുടെ നേർക്കും.

**ശകാരം എന്ന മരുന്ന്** ''യേശു അവനെ ശാസിച്ചു. പിശാച് അവനെ വിട്ടുപോയി.'' യേശു പത്രോസിനെ ശകാരിക്കുന്നുണ്ട്. ''പിശാചേ, എന്റെ മുമ്പിൽനിന്നു പോകൂ.'' പത്രോസിനെ കവച്ചുവച്ച പൈശാചികതയെയാണ് കർത്താവു ശാസിക്കുന്നത്. പനിയെ ശകാരിക്കുന്നു. കാറ്റിനെയും കടലിനെയും ശാസിക്കുന്നു. പൈശാചികതയ്ക്കുള്ള മരുന്നായിരുന്നു ഈ ശകാരങ്ങൾ! പൈശാചികതയെ ശാസിച്ചകറ്റണം. ഇന്നു ശകാരം കുറഞ്ഞു. ഫലമോ പൈശാചികത കൂടി. നിഷ്കളങ്കതയോടെ ശിഷ്യന്മാർ തങ്ങളുടെ പരാജയകാരണം ഗുരുവിനോടു തിരക്കി: ''എന്തുകൊണ്ടാണ് ഞങ്ങൾക്കു കഴിയാതെ പോയത്?'' ഉത്തരം പകൽപോലെ വ്യക്തമായി അവൻ അവർക്കുപറഞ്ഞുകൊടുത്തു:''അല്പവിശ്വാസം.'' മല കയറിയിട്ട് ഇറങ്ങിവരുന്നവർക്കാണ് സൗഖ്യം പകരാനാവുക. മല മഹിമയാണ്, ആത്മീയതയാണ്, ബോറാകാത്ത താബോർ അനുഭവമാണ്. അതു ദൈവാനുഭവമാണ്. ദൈവസാന്നിദ്ധ്യമാകുന്ന മേഘത്തണലിലുള്ള ഇരിപ്പാണ്. കൂടക്കൂടെ മലയ്ക്കുപോകുന്ന, മറുകരയിലേക്കു പോകുന്ന, വിജനതയിലേക്ക് ഉൾവലിയുന്ന, അക്കരയ്ക്കു പോകുന്ന യേശുചിത്രം സുവിശേഷത്താളുകളിലുണ്ട്. മാറി നില്ക്കാത്തവർക്കും മലകയറാത്തവർക്കും മേഘസാന്നിദ്ധ്യത്തിൽ കഴിയാത്തവർക്കും സൗഖ്യം പകരനാവില്ല. താഴ്‌വരയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനാവില്ല. മോശ മലയ്ക്കുപോയപ്പോൾ മലകയറാതെ താഴ്‌വരയിൽ കിടന്നവർ സ്വാർത്ഥതയുടെ സ്വർണ്ണക്കാളക്കുട്ടിയെ വാർത്തെടുത്ത കഥയും മറക്കുവാൻ പാടുള്ളതല്ല.

# ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെ...

ഫാ. ജോർജ് ദാനവേലിൽ

കുടുംബജീവിതത്തിലെ ഉത്തരവാദിത്വങ്ങളെല്ലാം നിറവേറ്റി, ജീവിതസായാഹ്നത്തിലെത്തി നില്ക്കുന്ന മാതാപിതാക്കൾ, തങ്ങളുടെ ഈ ലോകജീവിതം അവസാനിക്കാറായി എന്നുമനസ്സിലാക്കുമ്പോൾ തങ്ങളുടെ മക്കൾക്ക് ഭാവിയിലേക്കുവേണ്ട പലവിധ ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കാറുണ്ട്. ഈലോകത്തിലെ തന്റെദൗത്യം പൂർത്തിയാക്കി, പിതാവിന്റെ പക്കലേക്കു പോകാൻ സമയമായി എന്നുമനസ്സിലാക്കിയ ഈശോ താൻ തെരഞ്ഞെടുത്ത്, കൂടെ കൊണ്ടുനടന്നു പരിശീലിപ്പിച്ച തന്റെപ്രിയപ്പെട്ട ശിഷ്യൻമാരെ ഭാവിയിലേക്ക്വേണ്ട നിർദ്ദേശങ്ങൾനല്കി ഒരുക്കുന്നതിനെക്കുറിച്ചാണ് വി. മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 21-ാം വാക്യംമുതൽ 26-ാം അദ്ധ്യായംവരെ വിശദീകരിക്കുന്നത്. ഈശോ പ്രധാനമായും തന്റെ ശിക്ഷ്യർക്കു നല്കിയ പ്രബോധനങ്ങളാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുക. പീഡാനുഭവത്തെയും ഉത്ഥാനത്തെയുംകുറിച്ചുള്ള മൂന്നുപ്രവചനങ്ങളും ഈശോയുടെ രൂപാന്തരീകരണവും ശിഷ്യർക്കിടയിലുണ്ടായിരിക്കേണ്ട ജീവിതശൈലിയെ ക്കുറിച്ചുളള ഉപദേശങ്ങളുമെല്ലാം ഈ വിശുദ്ധഗ്രന്ഥഭാഗത്ത് വിശദീകരിക്കുന്നു.

ശിഷ്യൻമാരുടെ വിശ്വാസരാഹിത്യത്തെ കുറ്റപ്പെടുത്തുന്ന ഈശോ, കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്നുമാറി മറ്റൊരു സ്ഥലത്തേക്കു പോവുക എന്നുപറഞ്ഞാൽ അതുമാറിപ്പോകും എന്നുപറഞ്ഞുകൊണ്ട് വിശ്വാസമുണ്ടെങ്കിൽ തന്റെ ശിഷ്യർക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല എന്നു പ്രഖ്യാപിക്കുകയാണ്. ഈശോയുടെ ഈ പ്രഖ്യാപനം തന്റെ പന്ത്രണ്ടുശിഷ്യൻമാരെ മാത്രം ഉദ്ദേശിച്ചു നടത്തിയ ഒന്നല്ല, ഇന്നു ജീവിക്കുന്ന നമ്മോടും കൂടിയുള്ള അവിടുത്തെ പ്രഖ്യാപനമാണിത്. വി. പൗലോസ്ശ്ലീഹാ ഹെബ്രായർക്ക് എഴുതിയ ലേഖനം 11-ാം അദ്ധ്യായത്തിൽ വിശ്വാസത്തെക്കുറിച്ച് ശക്തമായ പ്രബോധനമാണ് നൽകുക. വിശ്വാസത്തെക്കുറിച്ചുള്ള ശ്ളീഹായുടെ നിർവചനത്തോടെയാണ് 11-ാം അദ്ധ്യായം ആരംഭിക്കുന്നത്. 'വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും, കാണപ്പെടാത്തവ ഉണ്ട് എന്ന ബോദ്ധ്യവുമാണ്' ഈ നിർവചനം സ്വാഭാവികമായും ഒരുചോദ്യം നമ്മിലുയർത്താം.

ഞാൻ ചോദിക്കുന്നു......അവിടുന്നുതരുന്നു.. ഇതാണോ യഥാർത്ഥ വിശ്വാസം? ഏറെ നാൾ വിശ്വാസത്തോടെ പ്രാർത്ഥിച്ചു പക്ഷെ രോഗം മാറിയില്ല, പരീക്ഷയിൽ വിജയിച്ചില്ല, ജോലി

ലഭിച്ചില്ല, മക്കൾ ശരിയാകുന്നില്ല, ഭർത്താവിന്റെ മദ്യപാനം മാറുന്നില്ല. കാലപരിധിവച്ച് നമ്മൾ ആഗ്രഹിക്കുന്നതു നടക്കും എന്നു ചിന്തിക്കുന്നതല്ല വിശ്വാസം. 'എനിക്ക് തരാൻ ഇല്ലാത്തതായി അവനിൽ ഒന്നുമില്ല അവനിൽനിന്നും ലഭിക്കാൻ പാടില്ലാത്തവിധം ഞാൻ അവന് അന്യനല്ല' ഈ ചിന്തയാണ് വിശ്വാസം. കാലംനോക്കാതെ അവിശ്വസിക്കാൻ വിസമ്മതിച്ചുകൊണ്ട് വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവത്തിൽ മനസ്സുറപ്പിച്ചു മുന്നോട്ടു നീങ്ങിയാൽ എല്ലാം നടപ്പാകുകതന്നെ ചെയ്യും.

അബ്രാഹമിനു മക്കളെനല്കാമെന്ന് ദൈവംപറഞ്ഞിട്ട് വർഷങ്ങൾ അനേകം കടന്നുപോയി. ഇനി യാതൊരു സാദ്ധ്യതയുമില്ലാത്തവിധം പ്രായവും മുമ്പോട്ടുനീങ്ങി. ഭാര്യ സാറാപോലും അവിശ്വസിച്ചു. പക്ഷെ അബ്രാഹം തന്നോടു വാഗ്ദാനംചെയ്തവനിലുള്ള വിശ്വാസം ഉപേക്ഷിച്ചില്ല. അങ്ങനെ അനുഗ്രഹം പിടിച്ചുവാങ്ങി, അനേകം ജനതകളുടെ പിതാവായി മാറി. ജോസഫിനോടു ദൈവംപറഞ്ഞു, 'മാതാപിതാക്കളും സഹോദരങ്ങളും നിന്നെ നമസ്കരിക്കും'. പക്ഷെ പറഞ്ഞതിനു വിരുദ്ധമായി പലതുംസംഭവിച്ചു. ജോസഫ് അടിമയായി വില്ക്കപ്പെടുകപ്പോലും ചെയ്തു. പക്ഷേ ജോസഫ് എല്ലാ വിശ്വസിക്കുകയും വിശ്വസിച്ചത് അവനു ലഭിക്കുകയും ചെയ്തു.

മാതാവിന്റെ സന്ദർശനം നല്കിയ നിർവൃതിയിൽ എലിസബത്ത് ഉദ്ഘോഷിച്ചു. 'നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗ്രഹീതം. എന്റെ കർത്താവിന്റെ അമ്മ എന്റെഅടുത്തു വരാനുള്ള ഈഭാഗ്യം എനിക്ക് എവിടെ നിന്ന്? ഇതാ നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ഗർഭസ്ഥശിശു എന്റെ ഉദരത്തിൽ കുതിച്ചുചാടി. കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി'. കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചതിനാലാണ് മറിയം ഭാഗ്യവതിയെന്ന് പ്രകീർത്തിക്കപ്പെട്ടത്.

തികച്ചും മാനുഷികമായി ചിന്തിച്ചാൽ വിശ്വാസം ഭൂമിയിലെ ഏറ്റവും വലിയ ശക്തിയാണ്. ഈ ലോകത്തിലെ എല്ലാ ഇടപാടുകളും വിശ്വാസത്തിൽ അധിഷ്ഠിതമാണ്. പരസ്പരം അപരിചിതമായ ആളുകളെ വിശ്വാസത്താൽ വിവാഹനിയമം ഒന്നിച്ചുചേർക്കുന്നു. വിവാഹ ഉടമ്പടിയിലുള്ള വിശ്വാസത്താൽ മുമ്പ് അപരിചിതരായിരുന്നവർ തങ്ങളെ തന്നെ പരസ്പരം സമർപ്പിക്കുന്നു. കൃഷി നിലനില്ക്കുന്നതു വിശ്വാസം വഴിയാണ്. നല്ല വിളവുണ്ടാകും എന്ന വിശ്വാസം ഇല്ലെങ്കിൽ ആരും കൃഷിയിറക്കാനുള്ള കഷ്ടപ്പാടുകൾ സഹിക്കാൻ തയ്യാറാവുകയില്ല. ദൈവം പ്രതിഫലം നല്കുന്നവനാണ് എന്നു വിശ്വസിക്കുന്നവനുമാത്രമല്ലേ ദൈവ

ശുശ്രൂഷയ്ക്കായി തങ്ങളെതന്നെ ആത്മാർത്ഥമായി സമർപ്പിക്കാനാവു. ഒരിക്കലും വാടാത്ത കിരീടം ശുദ്ധതയ്ക്കു പ്രതിഫലമായി ലഭിക്കും എന്ന് വിശ്വസിക്കുന്നതിനാലാണ് യുവതികൾ കന്യാത്വജീവിതവും യുവാക്കൾ സ്വയം നിയന്ത്രിതജീവിതവും നയിക്കാൻ തീരുമാനിക്കുന്നത്.

വിശ്വാസവും പ്രത്യാശയും ഒരുനാണയത്തിന്റെ രണ്ടുവശമാണ്. വിശ്വസിക്കുന്നത് പ്രത്യാശയിലാണ്. പ്രത്യാശയാണ് വിശ്വസിപ്പിക്കുക. വിശ്വാസം എന്ന പദം രണ്ടുകാര്യങ്ങൾ സൂചിപ്പിക്കുന്നു. ഒന്നാമത് ഡോഗ്മാറ്റിക് വിശ്വാസം. ഏതെങ്കിലും ഒരുസത്യത്തെ അംഗീകരിക്കുന്നതാണ് ഡോഗ്മാറ്റിക് വിശ്വാസം.

എന്നാൽ ഒരു പ്രത്യേകദാനം എന്നനിലയിൽ ഈശോ നല്കുന്ന രണ്ടാമതൊരു വിശ്വാസമുണ്ട്. ഇതിനെക്കുറിച്ചാണ് പൗലോസ്ശ്ലീഹാ പറയുക, 'ഒരേ ആത്മാവുതന്നെ ഒരാൾക്കു വിവേകത്തിന്റെ വചനവും, വേറൊരാൾക്ക് ജ്ഞാനത്തിന്റെ വചനവും നൽകുന്നു. ഒരേ ആത്മാവു തന്നെ ഒരുവനു വിശ്വാസവും, വേറൊരുവന് രോഗശാന്തിക്കുള്ള വരവും നല്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനമായി നല്കപ്പെടുന്ന ഈ വിശ്വാസം താത്ത്വികം മാത്രമല്ല, മനുഷ്യന്റെ കഴിവിന് അതീതമായ ശക്തി ഉളവാക്കുക കൂടിചെയ്യുന്നു. ഇതു കൃപയാണ്. "കടുകുമണിപോലുള്ള വിശ്വാസം" എന്നാണ് സഭാപിതാവായ ജറുസലേമിലെ സിറിൾ ഈ വിശ്വാസത്തെ വിശേഷിപ്പിക്കുക. കാരണം കടുകുമണി നടുമ്പോൾ ചെറുതെങ്കിലും വളരുമ്പോൾ അതിൽ വളരെയധികം ശാഖകൾ വിരിയുന്നു. വളർന്നു കഴിയുമ്പോൾ അത് ആകാശപ്പറവകൾക്ക് അഭയം നല്കുന്നു. അതുപോലെ വിശ്വാസവും ഞൊടിയിടകൊണ്ട് ആത്മാവിൽ ശക്തമായ ഫലങ്ങൾ ഉളവാക്കുന്നു. മനുഷ്യശക്തിക്കതീതമായ കാര്യങ്ങൾ പ്രവൃത്തിക്കാനുള്ള ഈ വിശ്വാസം ദൈവത്തിന്റെ ദാനമായി ലഭിക്കുന്നതാണ്. ഈ വിശ്വാസം സ്വന്തമാക്കാനുള്ള ആഹ്വാനമാണ് ഈശോ തന്റെ ശിഷ്യൻമാർക്കു നല്കുക. വിശ്വാസത്തിന്റെ വലിപ്പമല്ല പ്രധാനം. വിശ്വാസം പൊള്ളയല്ലാത്തതും, കുലുങ്ങാത്തതും, ഇളകാത്തതുമായാൽ മതി. ഇതാണ് ഈശോ പറയുക, "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട് ഇവിടെ നിന്ന് മാറി മറ്റൊരു സ്ഥലത്തേക്ക് പോവുക എന്ന് പറഞ്ഞാൽ അത് മാറിപ്പോകും. നിങ്ങൾക്ക് യാതൊന്നും അസാദ്ധ്യമായിരിക്കുകയില്ല".

നമ്മുടെ അനുദിന ജീവിതത്തിൽ ഓരോരോ രീതിയിലുളള അത്ഭുതങ്ങൾ സംഭവിക്കണമെന്ന് ആഗ്രഹിക്കുന്നവരാണു പലപ്പോഴും നാമൊക്കെ. എന്നാൽ നമ്മുടെ ജീവിതത്തിൽ ഒരത്ഭുതം സംഭവിക്കാൻ മാത്രമുള്ള വിശ്വാസം നമുക്കുണ്ടോ എന്ന് ചിന്തിക്കുക ഉചിതമാണ്. നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കണമെങ്കിൽ അതിനായി നാം

നമ്മെത്തന്നെ വിശ്വാസപൂർവ്വം ഒരുക്കേണ്ടിയിരിക്കുന്നു. വിശ്വാസം ഉറച്ചതാണെങ്കിൽ വൻകാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുകതന്നെ ചെയ്യും. കാരണം ഇക്കാര്യം നമ്മോട് അരുളിചെയ്തിരിക്കുന്നത് ദൈവപുത്രനായ ഈശോയാണ്.

ഉത്സവപ്പറമ്പിലും തിരുനാൾ സ്ഥലങ്ങളിലും അമ്മമാരുടെ വിരൽതുമ്പിൽ പിടിച്ച് കാഴ്ചകളെല്ലാം കണ്ട് ആസ്വദിച്ച് നടക്കുന്ന കൊച്ചുകുട്ടികളെ കാണാറുണ്ട്. വാദ്യമേളങ്ങളുടെ താളത്തിനനുസരിച്ച് ഇവർ താളം പിടിക്കും. ചുറ്റുമുള്ള അപരിചിതരെ നോക്കിപ്പോലും ഇവർ പുഞ്ചിരിക്കും. നയന മനോഹരങ്ങളായ കാഴ്ചകൾ കണ്ട് ഇവർ ആഹ്ലാദചിത്തരാകും. എന്നാൽ തിരക്കിനിടയിൽ എപ്പോഴെങ്കിലും അമ്മയുടെ വിരൽ തുമ്പിൽ നിന്ന് പിടിവിട്ടു പോയാൽ കുട്ടികൾ വാവിട്ട് കരയാൻ തുടങ്ങും. അസ്വസ്ഥതയോടെ ഓടിനടക്കും. ഇതുപോലെ കരഞ്ഞുകൊണ്ട് അസ്വസ്ഥരായി ഓടി നടക്കേണ്ടവരല്ല നാമൊന്നും. മാറ്റമില്ലാത്ത ഉറപ്പുള്ളവനിൽ വിശ്വാസമർപ്പിച്ച് സന്തോഷത്തോടെ ജീവിക്കേണ്ടവരാണ് നാമൊക്കെ. "കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ", ഇതായിരിക്കട്ടെ നമ്മുടേയും പ്രാർത്ഥന.